**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **09-02-2023 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമവും പ്രസ്തുത പദ്ധതികൾക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയ്ക്കായി വകയിരുത്തിയ വിഹിതം സംസ്ഥാന എംപവേർഡ് കമ്മിറ്റി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നു. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് നബാർഡാണ്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഡി.പി.ആർ.-കൾ ഗ്രാമവികസന വകുപ്പ് സൂക്ഷ്മ പരിശോധന നടത്തി സർക്കാരിന് സമർപ്പിക്കുന്നു. സർക്കാർ അത് പരിശോധിച്ച് നബാർഡിന്റെ അനുമതിക്കായി നൽകുന്നു. അംഗീകാരം ലഭിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഗ്രാമവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ, ജില്ലാ/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹണം നടത്തുന്നു. |
| (ബി) | ഏതെല്ലാം മേഖലകളിലാണ് നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രധാനമായും 3 മേഖലകളിലാണ് നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. 1) കൃഷിയും അനുബന്ധ വിഭാഗങ്ങളും 2)സാമൂഹിക വിഭാഗം 3) ഗ്രാമീണ ഗതാഗത സൗകര്യങ്ങൾ എന്നിവയാണവ. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ അനുവദിച്ച പ്രസ്തുത പദ്ധതികളുടെ വിശദാംശം നൽകുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെ പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല. |
| (ഡി) | ഈ നിയോജകമണ്ഡലത്തിൽ പരിഗണനയിലുള്ള നബാർഡ് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കമോ? | (ഡി) | 2022-23 വർഷം, നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് അലോക്കേഷൻ ലഭിച്ചില്ല. ആയതിനാൽ നിലവിൽ, പാറശാല മണ്ഡലത്തിൽ പരിഗണനയിലുള്ള നബാർഡ് പദ്ധതികളൊന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ